15 (1558) പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി :
ശ്രീ. പാലോട് രവി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെപ്പോലെ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും ഫീസാനുകൂല്യത്തിനുപുറമേ സ്കോളർഷിപ്പു കൂടി നല്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്രം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നല്കുമോ;

(സി) ഈ തുക വിനിയോഗിക്കുവാൻ തുടങ്ങിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) എന്നേയ്ക്ക് ഈ തുക പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് കൊടുക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തുക അനുവദിച്ചിട്ടില്ല.

(ബി) പ്രതിവർഷം, 44500 രൂപ വരെ വരുമാനമുള്ള കുടുംബങ്ങളിൽപ്പെട്ടവർക്ക് പഠിക്കുന്ന കോഴ്സിനെ അടിസ്ഥാനപ്പെടുത്തി നാലു കാറ്റഗറിയിലായി വിവിധ നിരക്കിൽ മെയിന്റനൻസ് അലവൻസ് നല്കാനുള്ള ഒരു പദ്ധതി കേന്ദ്ര ഗവണ്മെന്റ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റ് നൽകിയ പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റ് അംഗീകരിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

16 (1559) എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് പ്ളസ്ടു കോഴ്സിൽ സംവരണം

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും നിയമനത്തിൽ പ്രത്യേക സംവരണം നടത്തിവരുന്ന നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്ളസ്ടു കോഴ്സിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുനിയമനത്തിൽ ബി.എഡ്. ഉം 50 ശതമാനം മാർക്കും എന്നുള്ളത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ബി.എഡ്. ഉം 45 ശതമാനം മാർക്കും എന്നാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly